"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം -പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/09/2025-ലെ 3/1 നമ്പർ തീരുമാനം, 25/09/2025-ലെ 5(1) നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനു തുടർനടപടികൾക്കായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.509/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

• പരാമർശം:-

1. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2025-ലെ സാധാരണ യോഗത്തിലെ 6/1 നമ്പർ തീരുമാനം.
2. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.07.2025-ലെ 2/1 നമ്പർ തീരുമാനം.
3. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/09/2025-ലെ 3/1 നമ്പർ തീരുമാനം.
4. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25/09/2025-ലെ 5(1) നമ്പർതീരുമാനം
5. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.09.2025 ലെ 40035920250306124551751 നമ്പർ കത്ത്.
6. പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 04.11.2025 ലെ ഡിഇഇ-പിടിഎ/208/2025-സി2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ 4 പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിലേക്ക്(ഓപ്പൺ 2, എസ് സി 1, ഒബിസി 1) നിയമനം നൽകുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ നിന്ന് 2 ഒഴിവിലേക്ക് അഭിമുഖം നടത്തി തെറ്റായി നിയമനം നൽകിയ റാങ്ക് ലിസ്റ്റിൽ രണ്ടാമതായി ഉൾപ്പെട്ട ശ്രീ.രാധാകൃഷ്ണൻ പി യുടെ നിയമനം റദ്ദ് ചെയ്യണമെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജന കുറിപ്പ് അംഗീകരിക്കാത്ത പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം(3), പരാമർശം(4) തീരുമാനങ്ങൾ, പരാമർശം (5) പ്രകാരം ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പാർട്ട്ടൈംസ്വീപ്പർ തസ്തികയിലെ 4 ഒഴിവിലേയ്ക്ക് (ഓപ്പൺ 2, എസ് സി 1, ഒബിസി 1) നിയമനം നടത്തുന്നതിനായി പത്തനംതിട്ടജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കുകയും, പരാമർശം (1) പ്രകാരം 2 ഒഴിവിലേക്ക് അഭിമുഖം നടത്തി നിയമനം നടത്തുന്നതിന് തീരുമാനിക്കുകയും നടപടിക്രമം പൂർത്തീകരിച്ച് തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പരാമർശം (2) തീരുമാനം പ്രകാരം അംഗീകരിക്കുകയും റാങ്ക് ലിസ്റ്റിൽ ഒന്ന്, രണ്ട് സ്ഥാനങ്ങളിൽ എത്തിയ,ഒബിസിവിഭാഗത്തിൽപ്പെട്ട ലതാ എം എസ്, ശ്രീ രാധാകൃഷ്ണൻ പി, എന്നിവർക്ക് നിയമനം നൽകുകയുണ്ടായി. രണ്ടാമത്തെ നിയമനം ജനറൽ വിഭാഗത്തിൽ നിന്നുമാണ് നടത്തേണ്ടിയിരുന്നതിരിക്കേ മേൽ രണ്ടു നിയമനങ്ങളും ഒബിസി വിഭാഗത്തിൽനിന്നും തന്നെ നടത്തിയതിനാൽ തെറ്റായി നിയമനം നടത്തിയ ആളുടെ നിയമനം റദ്ദ് ചെയ്യണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും അറിയിച്ചതിനെ തുടർന്ന് രണ്ടാമനായി നിയമനം നല്കിയ രാധാകൃഷ്ണൻ പി-യുടെ നിയമനം റദ്ദ് ചെയ്യേണ്ടതുണ്ട് എന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശം ഭരണ സമിതിയുടെ 16/09/2025-ലെ യോഗത്തിൽ അംഗീകരിച്ചില്ല. ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായ അശ്രദ്ധമൂലം, 02/08/2025, മുതൽ സേവനം ചെയ്തുവരുന്ന രാധാകൃഷ്ണനെ പിരിച്ചുവിടുന്നത് മനുഷ്യത്വത്തിനുചേർന്ന നടപടി അല്ലായെന്ന് ടി യോഗത്തിൽ വിലയിരുത്തുകയും, 3(1) നം.പ്രകാരം ടിയാനെ പിരിച്ചുവിടാൻ പാടില്ലെന്ന് ഐകകണ്ഠേന തീരുമാനിക്കുകയും പരാമർശം (4) തീരുമാനം പ്രകാരം പ്രസ്തുത തീരുമാനത്തിൽ ഉറച്ച് നിൽക്കുകയും ചെയ്ത സാഹചര്യത്തിലാണ് പഞ്ചായത്തിന്റെ നിയമപരമല്ലാത്ത പ്രസ്തുത തീരുമാനം സംബന്ധിച്ച് തുടർനടപടിയ്ക്കായി പഞ്ചായത്ത് സെക്രട്ടറി പരാമർശം (5) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

3. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ പാർട് ടൈം സ്വീപ്പർ തസ്തികയിലേക്കുള്ള 4 സ്ഥിര ഒഴിവുകളിലേക്ക് നിയമനത്തിനായി റിക്വിസിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ സംവരണക്രമം പാലിച്ചുകൊണ്ട് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകിയിട്ടും ഒബിസി വിഭാഗത്തിൽ നിന്നും ഒരാളെ നിയമിക്കേണ്ടുന്നതിന് പകരം രണ്ട് പേരെ നിയമിച്ചതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംവരണവും മറ്റ് മാനദണ്ഡങ്ങളും പാലിച്ച് കൊണ്ട് നൽകിയിട്ടുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ ലിസ്റ്റിനോടൊപ്പം നൽകിയിട്ടുള്ള ആമുഖ കത്തിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിയമനം നൽകുക വഴി നിലവിൽ സംവരണം മുഖേന നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുകയും ഓപ്പൺ, എസ് സി വിഭാഗങ്ങളിൽ നിന്നും സംവരണം ചെയ്തിട്ടുള്ളത് പരിഗണിക്കാതെ ഒബിസി വിഭാഗത്തിൽ നിന്നും ഒരാളെ നിയമിക്കുന്നതിന് പകരം രണ്ട്പേരെ നിയമിച്ചതിനും 4 ഒഴിവ് അറിയിച്ചതിന് ശേഷം ലിസ്റ്റിൽ നിന്നും സംവരണക്രമം പാലിച്ച് അത്രയും എണ്ണം ഉദ്യോഗാർത്ഥികളെ നിയമിച്ചില്ല.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സ്ഥിരീകരണം വാങ്ങിയതിന് ശേഷം മാത്രമെ തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ നിയമിക്കാവൂ എന്നിരിക്കേയാണ് ഗ്രാമപഞ്ചായത്ത് ഈ നിയമം ലംഘിച്ചിരിക്കുന്നത് എന്ന് കാണുന്നു. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ 4 ഒഴിവിലേക്ക്(ഓപ്പൺ 2, എസ് സി 1, ഒബിസി 1) നിയമനം നൽകുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമായി ലിസ്റ്റിൽ നിന്ന് 2 ഒഴിവിലേക്ക് അഭിമുഖം നടത്തി തെറ്റായി നിയമനം നൽകിയ റാങ്ക് ലിസ്റ്റിൽ രണ്ടാമതായി ഉൾപ്പെട്ട ശ്രീ.രാധാകൃഷ്ണൻ പി യുടെ നിയമനം റദ്ദ് ചെയ്യേണ്ടതില്ലെന്ന കോഴഞ്ചേരി

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), (4) തീരുമാനങ്ങൾ, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (1) പ്രകാരം നിയമാനുസൃതമല്ലാത്തതിനാൽ ആയത് നടപ്പിലാക്കുന്നത് സെക്ഷൻ 191 (4) പ്രകാരം താല്ക്കാലികമായി റദ്ദ് ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം പരിഗണനയ്ക്കായി ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, പാളയം, തിരുവനന്തപുരം (മുകളിൽ പരാമർശ പകർപ്പുകൾ സഹിതം ആമുഖ കത്തോടുകൂടി)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, പത്തനംതിട്ട
പ്രസിഡന്റ്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
സെക്രട്ടറി, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 217/ഇപിഎ2/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 27-02-2026 17:39:27